ജനുവരി 20, 2014

# ലോക്പാലിനെ നിയമിക്കുന്നതാര്?

**അരുൺ ജെയ്റ്റ്ലി. പ്രിപക്ഷ നേതാവ് (രാജ്യസഭ)**

ലോക്പാലും ലോകായുക്ത ആക്ടും 2013 ൽ പാസ്സായി. അതിന് 2014 ൽ രാഷ്ട്രപതിയുടെ അനുമതി കിട്ടി, വിജ്ഞാപനവും വന്നു. പേഴ്സണൽ ഡിപ്പാർട്ട്മെന്റ് ആന്റ് ട്രെയിനിംഗ് വിദേശ ചെയർമാന്റേയും അംഗങ്ങളുടെയും ഒഴിവുകൾ നികത്തുന്നതിന് യോഗ്യരായവരിൽനിന്ന് അപക്ഷ ക്ഷണിച്ചു കൊണ്ടുള്ള പരസ്യം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ആരാണീ പ്രക്രിയകൾക്ക് തുടക്കം കുറിച്ചത്. പരസ്യത്തിൽ നിന്ന് വ്യക്തമാകുന്നത് പേഴ്സൺ ആന്റ് ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റാണത് ചെയ്യുന്നത് എന്നാണ്. പാർലമെന്റ് പാസ്സാക്കിയ ചട്ടപ്രകാരം അതിന് പ്രസ്തുത ഡിപ്പാർട്ടുമെന്റിന് അധികാരമില്ല.

ചട്ടത്തിലെ നാലാം വകുപ്പ് ലോക്പാലിന്റെ അംഗങ്ങളുടെ നിയമനത്തെക്കുറിച്ചാണ്. പ്രധാനമന്ത്രി, ലോക്സഭാ സ്പീക്കർ, ലോക്സഭാ പ്രതിപക്ഷ നേതാവ്, ചീഫ് സൂപ്രണ്ടോ അദ്ദേഹം നിയമിക്കുന്നയാളോ, മറ്റ് നാലാംഗങ്ങൾ നിർദ്ദേശിക്കുന്ന ഒരു പ്രധാന നിയമജ്ഞൻ എന്നിങ്ങനെയുള്ള സമിതിയാണത് ചെയ്യേണ്ടത്. ഈ ദിവസം വരെ മേൽപ്പറഞ്ഞ നാലുപേർ യോഗം ചേർന്നിട്ടില്ല. ആദ്യം വേണ്ടത് ഇവർ ഒന്നിച്ചുചേർന്ന് അഞ്ചാമംഗത്തെ നിയോഗിക്കലാണ്. പിന്നീട് അവർ ഒരു തെരച്ചിൽ കമ്മറ്റിയെ നിയോഗിക്കണം. വിവിധമേഖലകളിലുള്ള ഏഴുപേർ അടങ്ങുന്നതാവണം തിരച്ചിൽ സമിതി. ഈ സമിതിവേണം ലോക്പാൽ അധ്യക്ഷനായും അംഗമായും നിയോഗിക്കപ്പെടാൻ പറ്റുന്നവരെ നിർദ്ദേശിക്കേണ്ടത്.

വകുപ്പ് 4(4) പറയുന്നത് അതിന്റെ നടപടികൾ അതിസുതാര്യമായിരിക്കണമെന്നാണ്. എട്ടുപേരെ നിയമിക്കുന്നതിൽ നാലുപേർക്കെങ്കിലും ജുഡീഷ്യൽ പശ്ചാത്തലമുള്ളവരായിരിക്കണമെന്നുണ്ട്. അധ്യക്ഷൻ സാധാരണയായി സുപ്രീംകോടതി ചീഫ് ജസ്റ്റിസോ ജസ്റ്റിസോ ആയിരിക്കണം. ഇതുവരെ തെരഞ്ഞെടുപ്പ് സമിതി രൂപീകരിച്ചിട്ടില്ല. ചട്ടപ്രകാരം ഇവിടെ ജോലിക്ക് അപേക്ഷ അയക്കേണ്ടതില്ല. ഇനി ഒരു പരസ്യം കൊടുക്കണമെന്നുണ്ടെങ്കിൽ തന്നെ അത് തെരഞ്ഞെടുപ്പ് സമിതി വേണം അത് ചെയ്യാൻ. സർക്കാരിന്റെ ഓഫീസ് നിർവഹണ സംവിധാനത്തിന് അതിന് അവകാശമില്ല. ഇവിടെ ഇല്ലാത്ത അധികാരം പേഴ്സണൽ ആന്റെ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റ് വിനിയോഗിക്കുകയായിരുന്നു. ഒരു സുപ്രീംകോടതി സിറ്റിംഗ് ജഡ്ജോ റിട്ടയർ ചെയ്ത ജഡ്ജോ അപേക്ഷ അയക്കുക എന്നത് അവരുടെ പദവിയുടെ മാന്യതക്ക് ചേർന്നതല്ല. അപേക്ഷ അയച്ച് ജോലി തേടുന്ന ഒരാൾ ലോക്പാൽ പദവിക്കു ചേർന്നയാളുമാകില്ല. എന്തായാലും അപേക്ഷ കാണിക്കണോ വേണ്ടയോ എന്നും മറ്റും നിശ്ചയിക്കേണ്ടത് തെരഞ്ഞെടുപ്പ് സമിതിയാണ്. കേന്ദ്രസർക്കാരിന് ഇതിനൊന്നും അധികാരമില്ല. പരസ്യം ചട്ടവിരുദ്ധമാണ്. മറ്റ് നാലംഗങ്ങൾക്ക് ഇത് സംബന്ധിച്ചെഴുതാൻ ഞാൻ തീരുമാനിച്ചിട്ടുണ്ട്. പരസ്യം അടിയന്തരമായി പിൻവലിക്കേണ്ടതുണ്ട്.